പെർഫോമൻസ് ഓഡിറ്റ്

246 (1624) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലെ പെർഫോർമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഓഡിറ്റ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഓഡിറ്റ്, സൂപ്പർവൈസറുടെ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ പദവിയിലേക്ക് ഉയർത്താനുള്ള നടപടിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അഡീഷണൽ സെക്രട്ടറി തസ്തികയാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഇ) പഞ്ചായത്ത് വകുപ്പ് ജീവനക്കാരെ കെ.പി.ഇ.പി.എഫ്.-ൽ നിന്നും ജി.പി.എഫ്.-ലേക്ക് മാറ്റാൻ തയ്യാറാകുമോ?

ഉത്തരം

(എ) പെർഫോർമൻസ് ഓഡിറ്റ് നവീകരണത്തിനുവേണ്ടി 8-6-2015-ൽ സ.ഉ.(എം.എസ്.) 188/2015/ത.സ്വ.ഭ.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെർഫോർമൻസ് ഓഡിറ്റ് സംവിധാനം സ്ഥാപനവൽക്കരിക്കുകയും ത്രൈമാസമായി നടത്തിവന്നിരുന്ന ഓഡിറ്റ് പ്രതിമാസമാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കാൻ നടപടി സ്വീകരിക്കുവാൻ ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത വിഷയം പഠിച്ച് ശിപാർശ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായ രണ്ടംഗസമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും സമിതിയുടെ ശിപാർശ തത്വത്തിൽ അംഗീകരിക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 900 ക്ലാർക്ക് തസ്തികകളും 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പഞ്ചായത്ത് സബോർഡിനേറ്റ് റൂൾ പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ജി.പി.എഫ്. അംഗത്വം അനുവദിക്കുന്നതിന് നിലവിലെ നിയമം അനുവദിക്കുന്നില്ല.

കെ.എൽ.ജി.എസ്.ഡി. പ്രോജക്ട്

247 (1625) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി.ജോർജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എൽ.ജി.എസ്.ഡി. പ്രോജക്ട് മുഖേന ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വികേന്ദ്രീകൃത ആസൂത്രണത്തിലും നടത്തിപ്പിലും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യം സാദ്ധ്യമാക്കുന്നതിനും ഈ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾ വഴി ലഭ്യമാക്കേണ്ട സേവനങ്ങൾ ഫലപ്രദമായി എത്തിക്കുകയും ചെയ്യുക എന്നുള്ള ഉദ്ദേശത്തോടുകൂടി നടപ്പിലാക്കി വരുന്ന പ്രോജക്ടാണ് കെ.എൽ.ജി.എസ്.ഡി.പി.

(സി) പദ്ധതിയുടെ മൊത്തത്തിലുള്ള ഏകോപനം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രോജക്ട് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഈ യൂണിറ്റ് ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടറും വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന സ്പെഷ്യലിസ്റ്റുകളും ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രവർത്തിച്ചുവരുന്നു. ഭരണപരവും നയപരവുമായ തീരുമാന

LIBRARY ARCHIVES Kerala Legislative Assembly